ഉത്തരം

(എ) ഉണ്ട്.

(ബി) അല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

ഡാമുകളുടെ ചോർച്ച

38 [2754] ശ്രീ. യു. സി. രാമൻ :
,, പി. കെ. കെ. ബാവ :
,, സി. മോയീൻകുട്ടി :
,, പി. കെ. അബ്ദുറബ്ബ് :
,, കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന പദ്ധതികളുടെ ഡാമുകൾക്ക് ചോർച്ച ഉണ്ടാകാറുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പരിശോധന നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്ന കാലപരിധി എത്രയാണ്;

(സി) ചോർച്ച തീർത്ത് ഡാമുകൾ ബലപ്പെടുത്തുന്ന പണി നിശ്ചയിക്കുന്നത് ഏത് അടിസ്ഥാനത്തിലാണ്;

(ഡി) ഇപ്പോൾ ഏതെങ്കിലും ഡാമിന് ചോർച്ച തീർക്കുന്നതിനുള്ള പണികൾ നടക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം?

ഉത്തരം

(എ) ഉണ്ട്.

(ബി) മൂന്ന് മാസത്തിലൊരിക്കൽ.

(സി) ചോർച്ച തീർത്ത് ഡാമുകൾ ബലപ്പെടുത്തുന്ന പണികൾ നിശ്ചയിക്കുന്നത് ജലവിഭവ വകുപ്പ് സെക്രട്ടറി ചെയർമാനായുള്ള സംസ്ഥാനതല അണക്കെട്ട് സുരക്ഷാ സമിതിയുടെ നിർദ്ദേശപ്രകാരമാണ്.

(ഡി) ഉണ്ട്. ചിമ്മിനി, ശിരുവാണി എന്നീ ഡാമുകളിൽ ചോർച്ച തീർക്കുന്നതിനുള്ള പണികൾ നടക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly